പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

03..12.2015 ൽ

മറുപടിയ്ക്ക്.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1262

# നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ :

ശ്രീ. കെ.സുരേഷ് കുറുപ്പ്

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഡാറ്റാബാങ്ക് തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 941 ഗ്രാമ-പഞ്ചായത്തുകൾ ഉള്ളതിൽ 21 ഗ്രാമപഞ്ചായത്തുകളിൽ നെൽവയലുകളും തണ്ണീർ-ത്തടങ്ങളും ഇല്ല. മറ്റുള്ള 920 ഗ്രാമപഞ്ചായത്തുകളിൽ 873 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ-ബാങ്ക് തയ്യാറാക്കി ഗവൺ-മെന്റ് പ്രസ്സിൽ നല്കിയിട്ടുണ്ട്. ഇതിൽ 319 ഗ്രാമപഞ്ചായ-ത്തുകളിലെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരി-ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഡാറ്റാബാങ്ക് തയ്യാറാക്കൽ സംരംഭം എത്ര ജില്ലകളിൽ നടപ്പാക്കി എന്നും ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ ഭൂമി ഡാറ്റാ ബാങ്കിലേക്ക് മാറ്റപ്പെട്ടുവെന്നും വ്യക്തമാക്കാമോ; | (ബി) | എല്ലാ ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതി ഡാറ്റാബാങ്ക് തയ്യാറാക്കി നൽകാത്തതിനാൽ സംസ്ഥാനത്തെ 47 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവർത്തനം മന്ദഗതിയിലാണ്. നെൽവയൽ തണ്ണീർത്തടങ്ങൾ ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമി ഡാറ്റാബാങ്കിലേക്ക് മാറ്റപ്പെട്ടുവെന്നത് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി നിലവിൽ തുടരുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഡാറ്റാബാങ്ക് തയ്യാറാക്കുന്ന നടപടി നിലവിൽ തുടർന്നു വരുന്നു. |
| (ഡി) | പ്രസ്തുത നിയമം അട്ടിമറിക്കപ്പെടുന്നു-വെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടി-ട്ടുണ്ടോ; ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ